Week- 4

# Weekly Devotion - September 2018

## The power of “Our Guide”(വഴികാട്ടിയുടെ ശക്തി)

## it is our faith that activates the power of God”




ദൈവീകശക്തി നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാകണമെങ്കിൽ നാം പൂർണ്ണ വിശ്വാസമുള്ളവരാകണം. ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും. പ്രസംഗി ക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും (റോമ :10:14), ഇന്നും വചനം കേൾക്കാത്തവരുണ്ടോ എന്ന് പലർക്കും സംശയം തോന്നാം.

ഞാൻ വായിച്ച ഒരു സംഭവമാണ് ഇവിടെ രേഖപ്പെടുത്തുന്നത്. കുട്ടിക്കാലത്തേ ഒരു പ്രാകൃതമതത്തിലെ അംഗമായിരുന്ന ഒരാൾ ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്ന അമേരിക്ക യിലെ ഒരു പട്ടണത്തിൽ പാർത്തിരുന്നു. മതം സമ്മാനിച്ച അസംതൃപ്തിയുടെ ആവേശ ത്താൽ പണം എന്ന സ്വപ്നത്തിനായി ഭ്രാന്തമായ ഓട്ടം ഓടി. അങ്ങനെ പതിനേഴ്‌വർഷം കൊണ്ട് വലിയ ബിസിനസ്സുകാരനായി എന്നാൽ സമാധാനം പൂർണ്ണമായി നഷ്ടപ്പെട്ടു. അന്ന് വരെയും തന്നോട് ആ പട്ടണത്തിൽ സമാധാനദായകനെപ്പറ്റി ആരും പറഞ്ഞിട്ടില്ലായി രുന്നു. പതിവില്ലാതെ തന്റെ അടുക്കൽ വന്ന ഒരു മനുഷ്യനിൽ നിന്ന് കേട്ടു, അറിഞ്ഞു, സ്വീകരിച്ചു ആ രക്ഷകനെ. അതോടെ ഹൃദയം സമാധാനത്താൽ നിറഞ്ഞു.

Read - മാർക്കോ (12:24) - മനുഷ്യർ തെറ്റിപ്പോകുന്നതിന് കാരണമായ രണ്ട് കാര്യങ്ങൾ യേശു പറഞ്ഞു.

1. തിരുവെഴുത്തുകളെ നിങ്ങൾ അറിയുന്നില്ല
2. ദൈവശക്തിയെപ്പറ്റിയും അറിയുന്നില്ല. തിരുവെഴുത്ത് പഠിക്കുന്നവർക്കേ ദൈവശക്തി അറിയുവാൻ കഴിയുകയുള്ളൂ. വചനം പഠിക്കുന്നവർക്ക് ദൈവ പ്രമാണങ്ങളെ അറിഞ്ഞ് വിവേകത്തോടെ സകല വ്യാജമാർഗ്ഗവും വെറുക്കാൻ കഴിയുന്നു. തിരുവചന പഠനം യഹോവ എന്റെ മറവിടവും എന്റെ പരിചയും പ്രത്യാശ ഹൃദയത്തിൽ തരുന്നു. ഈ പ്രത്യാശ പുതുജീവനും പുതുശക്തിയും പ്രദാനം ചെയ്യുന്നു.

വചനത്തിന്റെ അജ്ഞതയും, കേട്ടിട്ടും വചനം ഗ്രഹിക്കുവാൻ കഴിയാത്തതും അപകട കരമാണ്. Read യോഹ: (20:9) , മത്താ:(13:19) വചനം വ്യാഖ്യാനിക്കുന്നവർ ഗുരുവിനെ പോലെ സാധാരണക്കാരനും മനസ്സിലാകത്തക്കവിധത്തിൽ വ്യാഖ്യാനിക്കുകയും സത്യം സത്യ മായി പറയുകയും ചെയ്താൽ ജനം അജ്ഞതമൂലമുള്ള പാപത്തിൽ നിന്ന് രക്ഷപെടും.

വചനം ഗ്രഹിക്കുന്നവർ ശക്തനായ നമ്മുടെ വഴികാട്ടിയെ, വഴിയും സത്യവും ജീനു മായവനെ മറ്റുള്ളവർക്ക് തങ്ങളുടെ ജീവിതം കൊണ്ട് തന്നെ പരിചയപ്പെടുത്തുന്നു. വചനം ഗ്രഹിച്ചവന് ലഭിക്കുന്ന ദൈവീകശക്തി കണ്ട് ശത്രു ഭയക്കുന്നു. മോർദ്ദേഖായിയെപ്പറ്റി ഹാമാന്റെ ഭാര്യ പറയുന്നത് ശ്രദ്ധിക്കുക. Read എസ്ഥേർ: (6:13) ദൈവത്തെ അറിയുന്നവൻ

ശത്രുവിനെ ഒരിക്കലും വണങ്ങുകയില്ല. ശക്തി (അധികാരം) ഉള്ളവനെ ഹൃദയത്തിൽ സ്വീകരിച്ച ദൈവമക്കൾ സർവ്വ മഹത്വവും അവന് മാത്രം നൽകുന്നു.

ദൈവം തന്റെ ശക്തി നമുക്ക് നൽകുമെന്ന് യെശ: (41:10) ൽ വാഗ്ദാനം തന്നിട്ടുണ്ട് തന്റെ നീതിയുള്ള വലംകരത്താൽ താങ്ങുമ്പോൾ നാം ശക്തിയുള്ളവരാകുന്നു. പാപം മോചിക്കുവാനും സൗഖ്യമാക്കുവാനും ക്രിസ്തു ശക്തനത്രെ. (മത്താ 9:6). ജീവൻ നൽകുവാൻ അധികാരമുള്ള (ശക്തിയുള്ള) വനാണ് നമ്മുടെ വഴികാട്ടി. ഇദ്ദേഹം പ്രകൃതിയുടെ മേലും അധികാരമുള്ളവനാണ് Read ലൂക്കോ (8:25)

എന്നാൽ ഇത്രയും ശക്തനായ വഴികാട്ടിയെ അറിഞ്ഞിട്ടും വഴുവഴുപ്പിൽ കഴിയുന്നവർ ഉണ്ട്. Read സങ്കീ 73:18) ആവർത്തനം - (32:35) ആവ:(32:35) ൽ അവരുടെ കാൽ വഴുതും കാലത്തേക്ക് എന്ന പ്രസ്താവന കാണാം. ദൈവീക നിർദ്ദേശ പ്രകാരം മോശ എഴുതിയ പാട്ടിലെ വിശ്വാസത്യാഗിയായ യെശുരുൻ യിസ്രായേലാണ്, പുഷ്ടിവച്ച് തടിച്ചുകൊഴുത്തിട്ടും വഴിനടത്തിയവനെയും അവന്റെ അത്ഭുതത്തെയും മറന്ന ഇവൻ "വഴുതും കാലത്തിന്റെ ഇരകളായി വലിയ വീഴ്ചയിലേക്ക് നിപതിക്കും. അതിനാൽ വഴുവഴുപ്പിൽ നില്ക്കാതെ ,വഴികാട്ടിയായ ശക്തന്റെ വിളികേട്ട് രക്ഷപെടുക. എന്നാൽ ആ വലിയ ശിക്ഷയിൽ നിന്ന് രക്ഷനേടുവാൻ കഴിയും. Read ആവ: (32:15-25)

വിളികേട്ട് സകലവും വിട്ട് പുറപ്പെട്ട ലേവി തന്റെ ഭവനത്തിൽ ശക്തനായവന് ഒരു വിരുന്നൊരുക്കി സ്തുതിയും സ്തോത്രവുമുള്ള ഒരു വിരുന്ന് നമുക്ക് നമ്മുടെ ഭവനങ്ങളിലും അവനായി ഒരുക്കാം ദൈവവിളി കേൾപ്പാൻ തയാറാക്കുക. ശക്തനായവൻ കൂടെയുണ്ട്.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind